പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3299

18/02/2013 ൽ
മറുപടിക്ക്

ഭരത് മുരളി സ്മാരകം & നാടക പരിശീലന കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാപോറ്റി | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) വെളിയം ഗ്രാമപഞ്ചായത്തിൽ കുടവട്ടൂരിൽ നിർമ്മിക്കുന്ന 'ഭരത് മുരളി സ്മാരകം & നാടക പരിശീലനകേന്ദ്രം' എന്ന പദ്ധതി യുടെ ആകെ അടങ്കൽ തുക എത്രയാണ്; | (എ) ആകെ അടങ്കൽ തുക 75 ലക്ഷം രൂപയാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തി യിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ വിശദ മാക്കുമോ; ആയതിന് എന്തുതുക ചെലവഴി ച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) ഭരത് മുരളി സ്മാരക നാടക പരിശീ ലനകേന്ദ്ര നിർമ്മാണം കേരള സംഗീത നാടക അക്കാദമിയുടെ മേൽനോട്ടത്തിൽ സർക്കാർ ഏജൻസിയായ സെന്റർ ഓഫ് സയൻസ് & ടെക്നോളജി ഫോർ റൂറൽ ഡവലപ്പ്മെന്റ് (കോസ്റ്റ്ഫോർഡ്) ആണ് ഏറ്റെടുത്തിട്ടുള്ളത്. നിർമ്മാണ പ്രവർത്ത നങ്ങൾക്ക് 2010 ൽ സർക്കാർ അനുവദിച്ച 10 ലക്ഷം രൂപയ്ക്ക് കോസ്റ്റ്ഫോർഡ് എസ്റ്റിമേറ്റും എഗ്രിമെന്റും സമർപ്പിക്കുക യുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. കോസ്റ്റ്ഫോർ ഡിന് 9 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ നിർമ്മാണം പൂർത്തീകരിച്ച മന്ദിരം ഉദ്ഘാടനത്തിന് സജ്ജമാണെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) ഭരത് മുരളി സ്മാരക നിർമ്മാണം ഏറെക്കുറെ പൂർത്തിയായിട്ടുണ്ടെങ്കിലും ഉദ്ഘാടനത്തിന് സജ്ജമായിട്ടില്ല. |
| (ഡി) വിഭാവനം ചെയ്യപ്പെട്ട പ്രകാരമുള്ള ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യ മായ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ